**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 241** **07-10-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മെഡിക്കൽ കോളേജിലെ നിർമ്മാണപ്രവൃത്തികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഐ.പി. സംവിധാനമടക്കം സജ്ജീകരിച്ച് പൂർണ്ണമായ രീതിയിൽ എന്നുമുതൽ പ്രവർത്തനമാരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഐ.പി വിഭാഗം തുടങ്ങുന്നതിനായി 95 കോടി രൂപ മുതൽ മുടക്കിൽ പണിയുന്ന ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾ പകുതിയോളം പൂർത്തിയായിട്ടുണ്ട്. ടി ബ്ലോക്കിന്റെ സിവിൽ, എം.ഇ.പി വർക്കുകൾ പൂർത്തീകരിക്കുന്നതോടെ ഐ.പി. വിഭാഗത്തിന്റെ പ്രവർത്തനം പൂർണ്ണസജ്ജമാകും. |
| (ബി) | നിലവിൽ മെഡിക്കൽ കോളേജിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (ബി) | കാസർഗോഡ് മെഡിക്കൽ കോളേജിന്റെ 1-ാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തികളിലെ സ്റ്റേജ് 1ൽ ഉൾപ്പെട്ട അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണ പൂർത്തിയായിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളിലെ സ്റ്റേജ് 2 ൽ ഉൾപ്പെട്ട ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണ പുരോഗമിക്കുന്നു. മെഡിക്കൽ കോളേജിന്റെ 3-ാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ട ഗേൾസ് ഹോസ്റ്റൽ, ടീച്ചിംഗ് ക്വാർട്ടേഴ്സ് എന്നിവയുടെ സിവിൽ നിർമ്മാണ പ്രവൃത്തികൾ 90% പൂർത്തിയായിട്ടുണ്ട്. 3-ാം ഘട്ട നിർമ്മാണ പ്രവൃത്തികളിൽ ഉൾപ്പെട്ട ബാക്കിയുള്ള പ്രവൃത്തികളുടെ പ്രാരംഭ അനുമതികൾ കിഫ്ബിയിൽ നിന്നു ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കോവിഡ് കാലത്ത് ആരംഭിച്ച കാസർഗോഡ് ചട്ടംചാലിലെ ടാറ്റ കോവിഡ് ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കോവിഡ് കാലത്ത് ആരംഭിച്ച കാസർഗോഡ് ചട്ടംചാലിലെ ടാറ്റ ട്രസ്റ്റ് ആശുപത്രിയെ എൻഡോസൾഫാൻ ബാധിതർക്കുൾപ്പടെ സ്പെഷ്യലിറ്റി സേവനം ലഭ്യമാക്കുന്ന ഒരു ആശുപത്രിയായി മാറ്റുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ